- 16 Jan 2021:Rev. Sabu K. Cherian is declared as the new Bishop of CSI Madhya Kerala Diocese
-

*റവ.ഡോ സാബു കെ. ചെറിയാൻ*

പത്തനം തിട്ട ജില്ലയിൽ പുന്നക്കാട് ഇടവകയിൽ മലയിൽ പരേതരായ എം.കെ ചെറിയാൻ ഏലിയാമ്മ ചെറിയാൻ ദമ്പതികളുടെ മകൻ ആയി 1961 ആഗസ്റ്റ് മാസം 26 ന് ജനിച്ചു

*പഠനം*.

പുന്നക്കാട് CMS എൽ.പി സ്കൂൾ, കുഴിക്കാല CMS ഹൈസ്കൂൾ എന്നിവിടങ്ങളിൽ നിന്ന് സ്കൂൾ പഠനം പൂർത്തിയാക്കി. കോഴഞ്ചേരി സെന്റ്തോമസ് കോളേജിൽ നിന്ന് മാത്തമാറ്റിക്സിൽ ബിരുദവും മാവേലിക്കര പീറ്റ് മെമ്മോറിയൽ കോളേജിൽ നിന്ന് ബി.എഡ് ബിരുദവും നേടി. അതിനു ശേഷം അണ്ണാമലൈ യൂണിവേഴ്സിറ്റിയിൽ നിന്ന് സോഷ്യോളജിയിൽ ബിരുദാനന്തര ബിരുദവും, കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമയും നേടി.
പൂനൈ യൂണിയൻ ബിബ്ലിക്കൽ സെമിനാരിയിൽ നിന്ന് ദൈവശാസ്ത്രത്തിൽ ബിരുദവും ന്യൂയോർക്ക് തിയോളജിക്കൽ സെമിനാരിയിൽ നിന്ന് ഡോക്ടറേറ്റും കരസ്ഥമാക്കി.

*പട്ടത്വ ശുശ്രൂഷയിലേക്ക്*

1988 ഏപ്രിൽ 20 ാം തീയതി ഡീക്കൻ പട്ടം ഏറ്റു ശ്രുശ്രൂഷയിലേക്ക് പ്രവേശിച്ചു. 1989 ജനുവരി 20ാം തീയതി പ്രെസ്ബിറ്റർ ആയി ഉയർത്തപ്പെട്ടു.
ആന്ധ്രാമിഷനിൽ മിഷനറിയായി ശുശ്രൂഷാ ജീവിതം ആരംഭിച്ച അച്ചൻ കുമ്പളാംപൊയ്ക, ന്യൂയോർക്ക്, കഞ്ഞിക്കുഴി അസ്സൻഷൻ, മൂലേടം, മാവേലിക്കര, കുഴിക്കാല, എന്നി ഇടവകകളിൽ സേവനമനുഷ്ഠിച്ചു. ഇപ്പോൾ തോലശ്ശേരി ഇടവകവികാരിയായി ശുശ്രൂഷ ചെയ്തു വരുന്നു.

*വഹിച്ച പദവികൾ*

മധ്യകേരളാ മഹായിടവക ട്രഷറാർ(2014-17), ഡയോസിസൻ എക്സിക്യൂട്ടീവ് മെമ്പർ, സിനഡ് മെമ്പർ, ഫിനാൻസ് ബോർഡ് സെക്രട്ടറി, പ്രോപ്പർട്ടി ബോർഡ് സെക്രട്ടറി, പാസ്റ്ററൽ ബോർഡ് സബ് കമ്മിറ്റി മെമ്പർ,ബിഷപ്പ് സരോഗേറ്റ്, ജില്ലാ ചെയർമാൻ
കേരളാ കൌൺസിൽ ഓഫ് ചർച്ചസ് മെമ്പർ, കുമ്പളാംപൊയ്ക എക്യുമെനിക്കൽ ഫെലോഷിപ്പ് സ്ഥാപക പ്രസിഡന്റ്, ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യാ കേരളാ ആക്സിലറി വൈസ് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എക്യുമെനിക്കൽ ഫെലോഷിപ്പ് കോട്ടയം, പ്രസിഡന്റ് യൂണിയൻ ക്രിസ്ത്യൻ ഫെല്ലോഷിപ്പ് മാവേലിക്കര, വൈസ് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എക്യുമെനിക്കൽ ക്ലർജി ഫെലോഷിപ്പ് തിരുവല്ല, മെമ്പർ, ക്രിസ്ത്യൻ മെഡിക്കൽ കോളേജ് വെല്ലൂർ ഗവേണിംഗ് കൌൺസിൽ. മെമ്പർ, നിലക്കൽ എക്യുമെനിക്കൽ ട്രസ്റ്റ്, പ്രസിഡന്റ് എക്യുമെനിക്കൽ ഫെലോഷിപ്പ് മൂലേടം കോട്ടയം എന്നീ പദവികളും വഹിച്ചു.

*കുടുംബം.*

അച്ചന്റെ ഭാര്യ ഡോക്ടർ ജെസ്സി സാറാ കോശി ഹോമിയോ ഡോക്ടറാണ്.
മക്കൾ :സിബു ചെറിയാൻ കോശി, ഡോ. സാം ജോൺ കോശി
മരുമകൾ: രൂപ എസ്തേർ ഫിലിപ്പ്
കൊച്ചുമകൾ: പേളി ജെസ് കോശി